## പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ.2728 20-06-2013-ലെ മറുപടി നൽകേണ്ടിയിരുന്നത്

## വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശ നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകപ്പ മന്ത്രി) |
| എ) | സംസ്ഥാനം നേരിട്ട വരൾച്ചമൂലം ഉണ്ടായിട്ടുള്ള നാശ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | എ) | ഉണ്ട്. 2012-13 ൽ ആകെ 7888.0965 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി) | വരൾച്ച നേരിടാൻ സർക്കാർ എത്ര രൂപയാണ് അനുവദിച്ചത്; എത്ര രൂപ ചെലവഴിച്ചു; അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; | ബി) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ആകെ 1,07,57,09,245 രൂപ (നൂറ്റി ഏഴ് കോടി അമ്പത്തിയേഴ് ലക്ഷത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി നാല്പത്തി അഞ്ച് രൂപാ മാത്രം) 2013-14 വർഷത്തിൽ വരൾച്ച മൂലമുള്ള കടിവെള്ളക്ഷാമം നേരിടുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ കളക്ടർമാർ വിവിധ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച ദുരിതാശ്വാസ /കടിവെള്ള വിതരണ പ്രവർത്തനങ്ങൾക്ക് കളക്ടർമാർ നൽകുന്ന അനുമതിയുടെ അടിസ്ഥാനത്തിൽ നടത്തിയതും നടന്നുവരുന്നതുമായ പ്രവൃത്തികൾക്ക് ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച നൽകുന്നതാണ്. 31/05/2013 വരെ അനുവദിച്ച പ്രവൃത്തികളിൽ ആരംഭിച്ചവ പൂർത്തീകരിക്കുന്നതിന് 31/12/2013 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ജില്ലാതല വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | സംസ്ഥാനം നേരിട്ട വരൾച്ചയുടെ കാഠിന്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എത്രരൂപയുടെ നാശനഷ്ടം സംഭവിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത് ; | സി) | ഉണ്ട്. നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 1995 കോടി രൂപയുടേയും സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് 7888.0965 കോടി രൂപയുടേയും നാശനഷ്ടങ്ങൾ സംഭവിച്ചതായി വിലയിരുത്തി കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |
| ഡി) | കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ച് നാശ നഷ്ടങ്ങൾ വിലയിരുത്തിയിട്ടു ണ്ടോ ; പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടു ണ്ടോ; അതിൻപ്രകാരം നഷ്ടപരിഹാരം | ഡി) | സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് പ്രവശ്യം കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടു ണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ? | | സന്ദർശന ത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സംസ്ഥാന സർക്കാറിന് സമർപ്പിക്കാറില്ല. ആദ്യം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 62.61 കോടി രൂപ അംഗീകരിച്ചെങ്കിലും 18.31 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്. രണ്ടാമത്തെ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വരൾച്ച നേരിടാൻ സർക്കാർ അനുവദിച്ച ആകെ തുക | ജില്ലാ ഭരണകൂടം ചെലവഴിച്ച തുക | അനുവദിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 9,29,61,966.00 | 9,03,79,287.00 | 1241 | 163 |
| കൊല്ലം | 11,24,45,274.00 | 6,56,86,883.00 | 186 | 66 |
| പത്തനംതിട്ട | 5,87,86,501.00 | 3,13,16,727.00 | 564 | 471 |
| ആലപ്പുഴ | 5,31,70,110.00 | 1,31,16,000.00 | 94 | 17 |
| കോട്ടയം | 8,38,68,391.00 | 2,05,91,884.00 | 156 | 67 |
| ഇടുക്കി | 6,71,00,852.00 | 4,23,84,402.00 | 948 | 456 |
| എറണാകുളം | 8,41,23,060.00 | 4,56,61,161.00 | 1068 | 320 |
| തൃശ്ശൂർ | 10,75,66,842.00 | 2,06,05,696.00 | 816 | 174 |
| പാലക്കാട് | 9,08,45,754.00 | 5,91,35,825.00 | 573 | 102 |
| മലപ്പുറം | 6,70,00,000.00 | 6,70,00,000.00 | 980 | 802 |
| കോഴിക്കോട് | 4,51,50,411.00 | 1,27,56,192.00 | 631 | 133 |
| വയനാട് | 8,62,95,638.00 | 2,01,37,862.00 | 587 | 115 |
| കണ്ണൂർ | 5,71,55,157.00 | 2,80,29,266.00 | 601 | 378 |
| കാസറഗോഡ് | 6,92,39,289.00 | 3,73,34,263.00 | 1595 | 421 |

Rajan

സെക്ഷൻ ഓഫീസർ